IT

# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം : 151 — 25.03.2013-ൽ മറുപടിയ്ക്ക്

**ആദിവാസികളുമായി സഹകരിച്ച് ഔഷധസസ്യങ്ങൾ വെച്ചുപിടിപ്പി ക്കുന്ന പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ചിറ്റയം ഗോപകുമാർ<br>,, മുല്ലക്കര രത്നാകരൻ<br>ശ്രീമതി ഇ. എസ്. ബിജിമോൾ<br>ശ്രീ. ഇ. കെ. വിജയൻ | ശ്രീ.കെ.ബി.ഗണേഷ് കുമാർ (വനവും സ്പോർട്ട്സും സിനിമയും വകുപ്പ് മന്ത്രി) |
| എ) വനത്തോടുചേർന്നുള്ള പ്രദേശങ്ങളിൽ ആദിവാസി കളുമായി സഹകരിച്ച് ഔഷധസസ്യങ്ങൾ വെച്ചുപിടിപ്പി ക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ; | എ) വനത്തോടുചേർന്നുള്ള പ്രദേശങ്ങളിൽ ആദിവാസികളുമായി സഹകരിച്ച് ഔഷധസസ്യങ്ങൾ വെച്ചുപിടിപ്പി ക്കുന്നതിനുള്ള പദ്ധതികൾ ഇപ്പോൾ നിലവിലില്ല. എന്നാൽ തിരുവനന്തപുരം വൈൽഡ് ലൈഫ് ഡിവിഷനിൽപ്പെട്ട ചോനാംപാറ, വാലിപ്പാറ, കൈതോട്, മാങ്കോട് എന്നീ ആദിവാസി സെറ്റിൽമെന്റുകളിൽ, പാലോട് ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡന്റേയും ഔഷധിയുടെയും സഹകരണത്തോടുകൂടി ടി പ്രദേശത്തെ ഇക്കോ ഡവലപ്പ്മെന്റ് കമ്മിറ്റികൾ വഴി ആരോഗ്യപച്ച എന്ന ഔഷധ സസ്യം വ്യാവസായിക അടിസ്ഥാനത്തിൽ കൃഷി ചെയ്യുന്നതിനുള്ള ഒരു പദ്ധതി തയ്യാറാക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. |
| ബി) ഔഷധസസ്യക്കൃഷിയിൽ ഏർപ്പെടുന്ന ആദിവാസികൾ ഉൾപ്പെടെയുള്ളവർക്ക് ഏതെങ്കിലും തരത്തിലുള്ള പരിശീലനം നൽകാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ, വിശദമാക്കുമോ; | ബി) തീരുമാനിച്ചിട്ടില്ല. |

സി) പ്രസ്തുത പദ്ധതിക്ക് കേന്ദ്ര സഹായം അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് തുകയെന്നു വിശദമാക്കുമോ?

സി) പ്രസ്തുത പദ്ധതിക്ക് കേന്ദ്ര സഹായം അനുവദിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ